ശ്രീ. കെ. സുധാകരൻ : മാനഭംഗപ്പെടുത്തിയെന്നു പറയുന്നത് കുമാരൻ മാസ്റ്റർ, രാജൻ (സി.പി.ഐ. (എം) പഞ്ചായത്ത് മെമ്പർ) എന്നിവരാണ്. കുമാരൻ മാസ്റ്റർ പ്രാദേശിക നേതാവാണ്. പോലീസ് അറസ്റ്റ് ചെയ്തോ ? കേസ് എടുത്തോ ? അവർക്ക് നേരെ കേസ് ഉണ്ടോ ? പോലീസ് നീതിപൂർവ്വമായി പ്രവർത്തിച്ചു എന്ന് ശ്രീ സത്യൻ പറഞ്ഞില്ലേ. എങ്ങനെ അങ്ങനെ പറയാൻ സാധിച്ചു ? ഈ നിയമസഭയിൽ രാഷ്ട്രീയ അക്രമത്തിന്റെ തിരശ്ശീല വീഴുമ്പോൾ പുതിയ സംസ്കാരത്തിന്റെ പുതിയ തിരശ്ശീല മറുഭാഗത്ത് ഉയരുന്നു എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലുകളെ ഞാൻ എതിർക്കുന്നു.

X വ്യക്തിപരമായ വിശദീകരണം

(1) ബി.ജെ.പി. യുമായി കോൺഗ്രസ് ബന്ധപ്പെടുന്നു എന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. സത്യൻ മൊകേരി ഇവിടെ സംസാരിക്കുന്ന സന്ദർഭത്തിൽ ബി.ജെ.പി.യുമായി കോൺഗ്രസ് ബന്ധപ്പെടുന്നുവെന്നും ഞാനും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പത്മനാഭനെ കണ്ട് ഈ കാര്യം സംസാരിച്ചു എന്നും പറഞ്ഞു, അത് ഒരിക്കലും സത്യമല്ല, എന്നു മാത്രമല്ല ശ്രീ. വെളിയം ഭാർഗ്ഗവനും ശ്രീ. പത്മനാഭനും തമ്മിൽ സംസാരിച്ചത് മറച്ചുപിടിക്കാൻ അവർ തമ്മിൽ ഏർപ്പാട് ഉണ്ട്, പഞ്ചാബിലൊക്കെ ജനസംഘത്തിന്റെകൂടെ ഭരിച്ച പാർട്ടിയാണ് സി.പി.ഐ. * * * * * * * * * * * അതിന് സത്യവുമായി യാതൊരു ബന്ധവുമില്ല.

മി. സ്പീക്കർ : നോ, നോ, അതൊന്നും രേഖയിൽ ഉണ്ടാവില്ല, ശ്രീ. ആര്യാടന് വ്യക്തിപരമായി വിശദീകരിക്കാം, അങ്ങ് വച്ച മറിച്ചുള്ള ആരോപണം രേഖയിൽ ഉണ്ടാവില്ല, രേഖയിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു. അത് പത്രത്തിലും വരാൻ പാടില്ല.

(2) മൂവാറ്റുപുഴവാലി അടക്കം കേസ് ഉണ്ടെന്നത് സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇവിടെ സംസാരിച്ചതിനുശേഷം ശ്രീ. സെബാസ്റ്റ്യൻ പോൾ പറഞ്ഞത്, എനിക്ക് എതിരായിട്ട് മൂവാറ്റുപുഴ വാലി പ്രോജക്ട് അടക്കം 53 കേസ് ഉണ്ടെന്നാണ്. അദ്ദേഹം ഭാവനയിൽ പറഞ്ഞത്. അടിസ്ഥാനരഹിതമാണ്. ഈ കേസിന്റെ നടപടിക്രമമനുസരിച്ച് എനിക്ക് ഒരു സമൻസ് കിട്ടിയത് കുരിയാർകുറ്റി-കാരപ്പാറ കേസിൽ ഡിപ്പാർട്ട്മെന്റൽ ആയിട്ട് വർക്ക് എക്സിക്യൂട്ട് ചെയ്തപ്പോൾ കരാറുകാരന് 57 ലക്ഷം രൂപ ലാഭം ഉണ്ടാക്കികൊടുത്തത് നിയമസഭാ കമ്മിറ്റിയിൽ ഞാൻ നടത്തിയ ഒരു പരാമർശം

*****സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly